**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്ക്രൈബിനെ ഉപയോഗപ്പെടുത്തി പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ ഈ വർഷം സ്ക്രൈബിനെ ഉപയോഗപ്പെടുത്തി എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടി വരുന്ന കുട്ടികളുടെ എണ്ണം തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **നടപടിക്രമങ്ങൾ നടന്നുവരുന്നു. അന്തിമ പട്ടിക ആയിട്ടില്ല.** |
| (ബി) | എങ്കിൽ പ്രസ്തുത കുട്ടികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | **ഉത്തരം (എ) പ്രകാരം ബാധകമല്ല** |
| (സി) | പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | 29-08-2022 ലെ കത്ത് നം. ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതു വിദ്യാലയങ്ങളിലും സ്ഥാപന മേലധികാരിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസ് എബിലിറ്റി സ്ക്രീനിംഗ് കമ്മറ്റി രൂപീകരിക്കുന്നതിനും സ്ക്രീനിംഗ് കമ്മറ്റിയിൽ അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിൽ സ്ക്രീനിംഗ് കമ്മിറ്റി സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സംശയിക്കുന്നവരുടെ പട്ടിക അദ്ധ്യാപകരോട് തയ്യാറാക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന പട്ടിക സ്ക്രീനിംഗ് കമ്മറ്റിയുടെ ശുപാർശയോടുകൂടി ബി.ആർ.സി കളിൽ ക്രോഡീകരിച്ച് മെഡിക്കൽ ബോർഡിന് സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിനു കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള, മെഡിക്കൽകോളേജ് പ്രിൻസിപ്പൽ, ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ